compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 18
**Tuesday, 18th August 2026**

1202 ചിങ്ങം 2
**2nd Chingam 1202**

1948 ശ്രാവണം 27
**27th Sravana 1948**

വാല്യം 15
**Vol. XV**

നമ്പർ / **No.** 33

## Part III

## Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

" FORM 'A' "

(See rule 4)

NOTIFICATION

RDOADR/2111/2025-C5/K-DIS

Revenue Divisional Office, Adoor,
Dated:13-08-2026

WHEREAS, it is expedient to publish the Fair Value of land as required under section 28A of the Kerala Stamp Act, 1959 read with sub-rule (7) of rule 3 and rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

NOW THEREFORE, it is hereby made known to the public that the final fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

District: Pathanamthitta    Taluk:Kozhenchery

Village:Kulanada.    Desom:

| Serial No | Re-Survey Block | Re-Survey Number | Re-Survey Sub Division Number | Panchayath or Municipality or Corporation | Name of Local Body/Panchayath/ Municipality/ Corporation | Name and Number of Ward | Classification by use | Fair Value per Ares |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 5 | 108 | 4 | Panchayath | Kulanada | - | Residential Plot With Panchayath Road access. | 20,000/- |

The resultant fair value will be 264% of that value mentioned above.

Sd/-
Revenue Divisional Officer

“ FORM ‘A’ ”

(See rule 4)

NOTIFICATION

RDOADR/1229/2024-C5

Revenue Divisional Office, Adoor,
Dated:12-08-2026

WHEREAS, it is expedient to publish the Fair Value of land as required under section 28A of the Kerala Stamp Act, 1959 read with sub-rule (7) of rule 3 and rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

NOW THEREFORE, it is hereby made known to the public that the final fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

District: Pathanamthitta Taluk:Adoor

Village: Kodumon. Desom:

| Serial No | Re-Survey Block | Re-Survey Number & Sub Division Number | Panchayath or Municipality or Corporation | Name of Local Body/Panchayath/ Municipality/ Corporation | Name and Number of Ward | Classification by use | Fair Value per Ares |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 22 | 513/1, 513/2 | Panchayth | Kodumon | - | Residential plot with road access. | 68,000/- |

The resultant fair value will be 264% of that value mentioned above.

Sd/-
Revenue Divisional Officer

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ആലപ്പുഴ കളക്ടറേറ്റ്

## വിജ്ഞാപനം

DCALP/5904/2026-SC5 തീയതി - 17.08.2026

കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007, 6(1) (b) വകുപ്പ് പ്രകാരം **ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം തെക്ക് പഞ്ചായത്ത് 21-ആം വാർഡിൽ കലവൂർ പി.ഒ.യിൽ പരുത്തിയിൽ വീട്ടിൽ സിൽവസ്റ്റർ മകൻ 31 വയസ്സുള്ള ജെയ്സൺ @ ബിനുകുട്ടൻ @ സ്റ്റീൽ ബിനു** എന്നയാൾക്കെതിരെ പുറപ്പെടുവിക്കുന്നത്.

**ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം തെക്ക് പഞ്ചായത്ത് 21-ആം വാർഡിൽ കലവൂർ പി.ഒ.യിൽ പരുത്തിയിൽ വീട്ടിൽ സിൽവസ്റ്റർ മകൻ 31 വയസ്സുള്ള ജെയ്സൺ @ ബിനുകുട്ടൻ @ സ്റ്റീൽ ബിനു** എന്ന താങ്കൾ നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിലും, സമാധാന ലംഘന പ്രവർത്തനങ്ങളിലും ഏർപ്പെട്ട് സമൂഹത്തിൽ പ്രശാന്തി നഷ്ടപ്പെടുത്തുന്നുവെന്നും ആയതിനാൽ താങ്കൾക്കെതിരെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007, 3(1) വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ മേൽ വസ്തുത ശരിയാണെന്ന് എനിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007, 3(1) വകുപ്പ് പ്രകാരം താങ്കളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള ഉത്തരവ് (06.08.2026 ലെ Sc5 5904/2026 നമ്പർ ഉത്തരവ്) ഞാൻ പുറപ്പെടുവിച്ചിട്ടുള്ളതും, ടി ഉത്തരവ് നടപ്പിലാക്കുന്നതിനായി ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നതുമാണ്. എന്നാൽ അറസ്റ്റ് ചെയ്യുന്നതിനായി സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിട്ടും താങ്കളെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണെന്നും, ഒളിവിൽ കഴിഞ്ഞു വരുന്ന താങ്കൾക്കെതിരെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 , 6(1) (എ) & 6(1) (ബി) വകുപ്പ് പ്രകാരം നടപടി സ്വീകരിക്കണമെന്നും ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ആയതിനാൽ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 14 (പതിനാല്) ദിവസത്തിനകം ആലപ്പുഴ ജില്ലാ പോലീസ് മേധാവി മുമ്പാകെയോ, മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ മുമ്പാകെയോ ഹാജരാകാത്ത പക്ഷം **ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം തെക്ക് പഞ്ചായത്ത് 21-ആം വാർഡിൽ കലവൂർ പി.ഒ.യിൽ പരുത്തിയിൽ വീട്ടിൽ സിൽവസ്റ്റർ മകൻ 31 വയസ്സുള്ള ജെയ്സൺ @ ബിനുകുട്ടൻ @ സ്റ്റീൽ ബിനു** എന്ന താങ്കൾക്കെതിരെ BNSS 2023 ലെ 84, 85, 87, 88, 89 വകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാകത്തക്കവിധത്തിൽ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007, 6-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് അറിയിക്കുന്നു.

(ഒപ്പ്)
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ
ആലപ്പുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**എറണാകുളം ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിന്റെ നടപടിക്രമം**

**(ഹാജർ : പ്രിയങ്ക ജി ഐ. എ. എസ്)**

DCEKM/6995/2025-A5 തീയതി : 20-07-2026

വിഷയം : ജില്ലയിലെ ലോറികളുടെയും /ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ചു പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത സമയം പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം :1.സ.ഉ (സാ ധാ )നം ./256/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്..

2. എറണാകുളം ജില്ലാ കളക്ടറുടെ 02.06.2022 DCEKM/4053/2020-A5 നമ്പർ നടപടിക്രമം

3. 21.05.2026 ലെ ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ യോഗ തീരുമാനം

സ്കൂൾ കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്തും ഓരോ സ്ഥലത്തെയും പ്രാദേശിക സാഹചര്യം പരിഗണിച്ചും ടിപ്പർലോറികളുടെയും/ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത സമയം നിശ്ചയിക്കുന്നതിനുള്ള ചുമതല 1988 ലെ മോട്ടോർ വാഹന നിയമം 115 ആം വകുപ്പ് പ്രകാരം അതാതു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി പരാമർശം 1 സർക്കാർ ഉത്തരവായതിൻറെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം രാവിലെ 8.30 മു തൽ 10.00 മണി വരെയും വൈകി ട്ട് 4.00 മുതൽ 5.00 മണി വരെയും പ്രസ്തുത വാഹനങ്ങളുടെ ഗതാഗതം നിരോധിച്ചു കൊണ്ട് ഉത്തരാവായിരുന്നതാണ്. ജില്ലയിലെ ലോറികളുടെയും ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും നിലവിലെ സമയക്രമത്തിൽ മാറ്റം വരുത്തണം എന്നാവശ്യപ്പെട്ട നിരവധി പരാതികൾ ഈ കാര്യാലയത്തിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കാര്യം 21.05.2026 ൽ നടന്ന ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യുകയും സമയക്രമത്തിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വാഹനങ്ങളുടെ സമയക്രമത്തിൽ താഴെ പറയും പ്രകാരം മാറ്റം വരുതി ഉത്തരവാകുന്നു.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ സ്കൂളുകളുടെയും കോളേജുകളുടെയും സമയക്രമം പരിഗണിച്ച് ഈ ഉത്തരവ് തിയ്യതി മുതൽ എറണാകുളം ജില്ലയിൽ ടിപ്പർ ലോറികളുടെയും/ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗതം രാവിലെ 8.00 മുതൽ 10.00 മണിവരെയും വൈകിട്ട് 4.00 മുതൽ 5.00 മണി വരെയും നിരോധിച്ചു കൊണ്ടും പരാമർശം (2) ഉത്തരവിൽ മാറ്റം വരുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു .

s/d

ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

-

# NOTIFICATION

RDOCHN/N1-1445/2026 Dated–13/08/2026

Where as it is expedient to publish the fairvalue of the landas required under section 28 A of the Kerala Stamp Act,1950 read withrule 4 of the Kerala Stamp (Fixation of value of land)rules–1995 and subject to the final verification of the authenticity of the copy of the Sale deed produced by the present landlord.

Now, therefore it is hereby made known to the public that the fairvalue fixed for the land mentioned against each serial numbers inrespect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:-Ernakulam. Taluk:-Kanayannoor

Village:-Thrikkakara North

| S.No. | Sy.No. | Subdiv.No. | re-Sy.Block No. | re-Sy.No. | re-Sy Subdvn No. | M/C/P | Name.of LocalBody | Name &No .of ward | Classification byuse | Fair value per Are |
|---|---|---|---|---|---|---|---|---|---|---|
| 493/3A | | | 6 | 493 | 4-7 | M | KalamasseryMunicipality | Vadakkott 15 | Residential Plot with Pancha/Municipal/Corp. Road Acces | 4,20,000/- |

S/d
Revenue Divisional Officer

Revenue Divisional Office,Fort Kochi

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ലേല പരസ്യം

TLKMVP/1919/2025-C1

2026 ആഗസ്റ്റ് 11

മൂവാറ്റുപുഴ താലൂക്, മഞ്ഞള്ളൂർ വില്ലേജ്, സർവേ നമ്പർ 785 /1 ൽ ഉൾപെട്ടതും മഞ്ഞള്ളൂർ പഞ്ചായത്തിൽ മണിയന്തിടം കോളനി, വാർഡ് ഇൽ ശ്രീഭദ്ര ധർമ്മ ക്ഷേത്രത്തിന്റെ കോമ്പൗണ്ടിൽ മൺതിട്ടയിൽ അപകടഭീഷണിയായി നിൽക്കുന്നതുമായ 1 പൊങ്ങല്യം 2 പ്ലാവ് എന്നിവ 19.08.2026 തിയതി രാവിലെ 11.00 മണിക്ക് പാർജ് ഓഫീസറുടെ നേതൃത്വത്തിൽ മഞ്ഞള്ളൂർ വില്ലേജ് ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ഏറ്റവും കൂടിയ തുകക്ക് ലേലം വിളിക്കുന്ന ആളിൻറെ പേരിൽ ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറക്ക് ലേല വസ്തു വിട്ട് തരുന്നതാണ്. ലേല തുക അപ്പോൾ തന്നെ കെട്ടി വെക്കേണ്ടതാണ് .സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകം ആയിരിക്കും. ടി മരങ്ങളെ പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചുറ്റുവണ്ണം |
|---|---|---|
| 1 | പൊങ്ങല്യം | 140 |
| 2 | പ്ലാവ് | 120 |
| 3 | പ്ലാവ് | 100 |

താലൂക് ഓഫീസ് ,

മുവാറ്റുപുഴ

(ഒപ്പ്)
തഹസിൽദാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ലേല പരസ്യം

നമ്പർ TLKMVP/2260/2025-C1 2026 ആഗസ്റ്റ് 11

മൂവാറ്റുപുഴ താലൂക് മുവാറ്റുപുഴ വില്ലേജിൽ സർവേ നമ്പർ 73/1A-14,54/3A,53/3A,75/1B2,75/1B, 853/1 ൽ ഉൾപ്പെട്ടതും  മിച്ചഭൂമിയായി ഏറ്റെടുത്തു ഭൂരഹിതർക്കു വിതരണം ചെയ്തതുമായ ഭൂമിയിൽ ജീവനും സ്വത്തിനും അപകടഭീഷണിയായി നിൽക്കുന്ന 8 ആഞ്ഞിലി മരം , 1 മഴമരം,1 താന്നി എന്നിവ അടക്കം 10 മരങ്ങൾ 20.08.2026 തിയതി രാവിലെ 11.00 മണിക്ക് ചാർജ് ഓഫീസറുടെ നേതൃത്വത്തിൽ മുവാറ്റുപുഴ വില്ലേജ് ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ഏറ്റവും കൂടിയ തുകക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറക്ക് ലേല വസ്തു വിട്ട് തരുന്നതാണ് .ലേല തുക അപ്പോൾ തന്നെ കെട്ടി വെക്കേണ്ടതാണ് .സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകം ആയിരിക്കും. ടി മരങ്ങളെ പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

<u>മരങ്ങളുടെ വിവരം</u>

| ക്രമ നമ്പർ | ഇനം | ചുറ്റുവണ്ണം |
|---|---|---|
| 1 | ആഞ്ഞിലി | 220 |
| 2 | ആഞ്ഞിലി | 220 |
| 3 | ആഞ്ഞിലി | 180 |
| 4 | ആഞ്ഞിലി | 190 |
| 5 | ആഞ്ഞിലി | 200 |
| 6 | ആഞ്ഞിലി | 180 |
| 7 | ആഞ്ഞിലി | 150 |
| 8 | ആഞ്ഞിലി | 180 |
| 9 | മഴമരം | 220 |
| 10 | താന്നി | 210 |

താലൂക് ഓഫീസ് , (ഒപ്പ്)
തഹസിൽദാർ

മുവാറ്റുപുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## മാനന്തവാടി സബ് കളക്ടറുടെ നടപടിക്രമം

(ഹാജർ: അതുൽ സാഗർ, ഐ.എ.എസ്.)

നമ്പർ RDOMDY/150/2026-M. 2026 ജൂലൈ 10.

വിഷയം:—കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ—ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീ. അബു, കുണ്ടിൽ വീട്, പി. ഒ. വൈത്തിരി, വയനാട്, ശ്രീമതി പാത്തുമ്മ, കുണ്ടിൽവീട്, പി. ഒ. വൈത്തിരി, വയനാട് എന്നിവരുടെ അപേക്ഷ.

(2) വൈത്തിരി തഹശീൽദാരുടെ 12-3-2026 തീയതിയിലെ TLKVYT/3572/2023-A2 നമ്പർ റിപ്പോർട്ട്.

(3) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ.ആർ.എ3-54674/18 നമ്പർ പരിപത്രം.

വയനാട് ജില്ല, വൈത്തിരി താലൂക്ക്, കുന്നത്തിടവക വില്ലേജ് ബ്ലോക്ക് നമ്പർ 25 റീസർവ്വെ നമ്പർ 105/3-ൽപ്പെട്ട ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്നതിനായി ശ്രീ. അബു, കുണ്ടിൽ വീട്, പി.ഒ. വൈത്തിരി, വയനാട് എന്നയാളും, ശ്രീമതി പാത്തുമ്മ, കുണ്ടിൽവീട്, പി. ഒ. വൈത്തിരി, വയനാട് എന്നിവരും സമർപ്പിച്ച അപേക്ഷയിൽ വൈത്തിരി തഹശീൽദാർ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

അപേക്ഷയും വൈത്തിരി തഹശീൽദാരുടെ റിപ്പോർട്ടും പരിശോധിച്ചതിൽ വൈത്തിരി താലൂക്കിലെ കുന്നത്തിടവക വില്ലേജിൽ ബ്ലോക്ക് നമ്പർ 25 റീസർവ്വെ നമ്പർ 105/3-ൽപ്പെട്ട 0.4890 ഹെക്ടർ പുരയിടം അപേക്ഷകർ കൈവശം വച്ച് വരുന്നുണ്ട്. എന്നാൽ ന്യായവില രജിസ്റ്ററിൽ ടി ഭൂമി സർക്കാർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. ടി ഭൂമിയോട് ചേർന്ന് പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന റീസർവ്വെ നമ്പർ 106/3, 106/4 എന്നിവയിൽ ഉൾക്കൊള്ളുന്ന ഭൂമികൾ വില നിശ്ചയിക്കേണ്ട ഭൂമിയോട് സമാനമായി സ്ഥിതി ചെയ്യുന്നതാണെന്നും ഒരു ആറിന് ₹ 12,350 വില നിശ്ചയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ന്യായവില നിശ്ചയിക്കേണ്ട റീസർവ്വെ നമ്പർ 105/3-ൽ ഉൾപ്പെട്ട ഭൂമിക്ക് Residential Plot with Panchayath Road Access എന്ന വർഗ്ഗീകരണത്തിൽപ്പെടുത്തി ആർ ഒന്നിന് ₹ 12,350 ന്യായവില നിശ്ചയിക്കാവുന്നതാണെന്ന് തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ കാര്യാലയത്തിൽ നിന്നും പരിശോധന നടത്തിയതിൽ വൈത്തിരി താലൂക്കിലെ കുന്നത്തിടവക വില്ലേജിൽ ബ്ലോക്ക് നമ്പർ 25 റീസർവ്വെ നമ്പർ 105/3-ൽപ്പെട്ട ഭൂമിയുടെ ക്ലാസിഫിക്കേഷൻ, ന്യായവില രജിസ്റ്റർ പ്രകാരം സർക്കാർ ഭൂമി എന്നാണ് കാണുന്നത്. ടി ഭൂമിക്ക് തുല്യ പ്രാധാന്യമുള്ളതും സമാനവുമായ റീസർവ്വെ നമ്പർ 106/3, 106/4 എന്നിവയിൽ ഉൾപ്പെട്ട ഭൂമിക്ക് നൽകിയിട്ടുള്ള ന്യായവിലയായ ആർ ഒന്നിന് ₹ 12,350 റീസർവ്വെ നമ്പർ 105/3-ൽപ്പെട്ട ഭൂമിക്കും നിശ്ചയിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 28എ. പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) ചട്ടം (3) എന്നിവ പ്രകാരം ന്യായവില നിശ്ചയിച്ച് ചട്ടം (4) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ സാഹചര്യത്തിൽ വൈത്തിരി താലൂക്കിലെ കുന്നത്തിടവക വില്ലേജിൽ ബ്ലോക്ക് നമ്പർ 25 റീസർവ്വെ നമ്പർ 105/3-ൽപ്പെട്ട ഭൂമിക്ക് സൂചന (3) പരിപത്രം പ്രകാരം 2010-ലെ ന്യായവില വിജ്ഞാപനം വന്നപ്പോൾ ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വിലനിർണ്ണയവുമായി പരിഗണിച്ച് “Residential Plot with Panchayath road Access” എന്ന വർഗ്ഗീകരണത്തിൽപ്പെടുത്തി ആർ ഒന്നിന് വർദ്ധനവ് ഇല്ലാതെ ₹ 12,350 (പന്ത്രണ്ടായിരത്തി മുന്നൂറ്റി അൻപത്) ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ന്യായവില നിലവിൽ വന്നതിനുശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫോറം 'എ'

[ചട്ടം 4 നോക്കുക]

വിജ്ഞാപനം

നമ്പർ RDOMDY/150/2026-M. 2026 ജൂലൈ 10.

1995-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായവില നിജപ്പെടുത്തൽ) ചട്ടങ്ങളിലെ 4-ാം ചട്ടം കൂട്ടിച്ചേർത്തുവായിച്ച പ്രകാരമുള്ള 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 28എ വകുപ്പ് പ്രകാരം ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തുന്നത് യുക്തമായിരിക്കയാൽ;

ഇപ്പോൾ, അതിനാൽ, ഓരോ ക്രമനമ്പരിനും എതിരെ പറഞ്ഞിട്ടുള്ളതും അതിന് എതിരെ പരാമർശിച്ചിട്ടുള്ള താലൂക്കിലെയും വില്ലേജിലെയും സർവ്വെ/റീസർവ്വെ നമ്പരുകളിൽ സ്ഥിതിചെയ്യുന്ന ഭൂമിക്ക് നിർണ്ണയിച്ചിട്ടുള്ള ന്യായവില അതിന്റെ 11-ാം കോളത്തിൽ അതിനുനേർക്കു കാണിച്ചിട്ടുള്ള പ്രകാരം ആയിരിക്കുമെന്ന് ഇതിനാൽ പൊതുജനങ്ങളെ അറിയിക്കുന്നു.

പട്ടിക

ജില്ല—വയനാട്.

താലൂക്ക്—വൈത്തിരി. വില്ലേജ്—കുന്നത്തിടവക.

| ക്രമ നമ്പർ | സർവ്വെ നമ്പർ | സബ് ഡിവിഷൻ നമ്പർ | റീ സർവ്വെ ബ്ലോക്ക് നമ്പർ | റീ സർവ്വെ നമ്പർ | റീ സർവ്വെ സബ് ഡിവിഷൻ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര് | വാർഡിന്റെ പേരും നമ്പരും | ഉപയോഗത്തിന് അനുസരിച്ചുള്ള വർഗ്ഗീകരണം | ന്യായവില (രൂപ/ ആർ) |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | 303 | 1 pt, 1A1pt | 25 | 105 | 3 | പഞ്ചായത്ത് | വൈത്തിരി | തളിപ്പുഴ 10 | Residential Plot with Panchayath road access | ₹ 12,350 |

റവന്യൂ ഡിവിഷണൽ ഓഫീസ്, (ഒപ്പ്)
മാനന്തവാടി. സബ് കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## WAYANAD DISTRICT

### മാനന്തവാടി സബ് കളക്ടറുടെ നടപടിക്രമം

(ഹാജർ: അതുൽ സാഗർ, ഐ. എ. എസ്.)

നമ്പർ RDOMDY/1204/2025-M. 2026 ജൂലൈ 8.

വിഷയം:—കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ—ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന: —(1) ശ്രീ. മമ്മൂട്ടി ഹാജി, അണിയാരത്ത്, കെല്ലൂർ പി. ഒ. എന്നയാളുടെ അപേക്ഷ.

(2) മാനന്തവാടി തഹശീൽദാരുടെ 7-3-2026 തീയതിയിലെ TLKMDY/3434/2025-C4 നമ്പർ റിപ്പോർട്ട്.

(3) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ.ആർ.എ3-54674/18 നമ്പർ പരിപത്രം.

വയനാട് ജില്ല, മാനന്തവാടി താലൂക്ക്, പൊരുന്നന്നൂർ വില്ലേജ്, ബ്ലോക്ക് നമ്പർ 49 റീസർവ്വെ നമ്പർ 57/4-ൽപ്പെട്ട ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്നതിനായി ശ്രീ. മമ്മൂട്ടി ഹാജി, അണിയാരത്ത് വീട്, കെല്ലൂർ പി. ഒ., വയനാട് എന്നയാൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷയിൻമേൽ മാനന്തവാടി തഹശീൽദാർ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

അപേക്ഷയും മാനന്തവാടി തഹശീൽദാരുടെ റിപ്പോർട്ടും പരിശോധിച്ചതിൽ മാനന്തവാടി താലൂക്കിലെ പൊരുന്നന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 49 റീസർവ്വെ നമ്പർ 57/4-ൽപ്പെട്ട 0.0800 ഹെക്ടർ പുരയിടം അപേക്ഷകൻ കൈവശംവച്ച് വരുന്നുണ്ട്. എന്നാൽ ന്യായവില രജിസ്റ്ററിൽ ടി ഭൂമി സർക്കാർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റീസർവ്വെ നമ്പർ 57/1-ൽ ഉൾക്കൊള്ളുന്ന ഭൂമി വില നിശ്ചയിക്കേണ്ട ഭൂമിയോടു സമാനമായി സ്ഥിതി ചെയ്യുന്നതാണെന്നും ഒരു ആറിന് ₹ 15,000 വില നിശ്ചയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ന്യായവില നിശ്ചയിക്കേണ്ട റീസർവ്വെ നമ്പർ 57/4-ൽ ഉൾപ്പെട്ട ഭൂമിക്ക് "പഞ്ചായത്ത് റോഡിലേക്ക് പ്രവേശനമുള്ളതും വാസസ്ഥലമുള്ളതുമായ ഭൂമി" എന്ന വർഗ്ഗീകരണത്തിൽപ്പെടുത്തി ആർ ഒന്നിന് ₹ 15,000 ന്യായവില നിശ്ചയിക്കാവുന്നതാണെന്നും തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ കാര്യാലയത്തിൽ നിന്നും പരിശോധന നടത്തിയതിൽ മാനന്തവാടി താലൂക്കിലെ പൊരുന്നന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 49 റീസർവ്വെ നമ്പർ 57/4-ൽപ്പെട്ട ഭൂമിയുടെ ക്ലാസിഫിക്കേഷൻ, ന്യായവില രജിസ്റ്റർ പ്രകാരം സർക്കാർ ഭൂമി എന്നാണ് കാണുന്നത്. ടി ഭൂമിക്ക് തുല്യ പ്രാധാന്യമുള്ളതും സമാനവുമായ റീസർവ്വെ നമ്പർ 57/1-ൽ ഉൾപ്പെട്ട ഭൂമിക്ക് നൽകിയിട്ടുള്ള ന്യായവിലയായ ആർ ഒന്നിന് ₹ 15,000 റീസർവ്വെ നമ്പർ 57/4-ൽപ്പെട്ട ഭൂമിക്കും നിശ്ചയിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 28 എ. പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാന്റ്) ചട്ടം (3) എന്നിവ പ്രകാരം ന്യായവില നിശ്ചയിച്ച് ചട്ടം (4) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ സാഹചര്യത്തിൽ വയനാട് ജില്ല, മാനന്തവാടി താലൂക്ക്, പൊരുന്നന്നൂർ വില്ലേജ്, ബ്ലോക്ക് നമ്പർ 49 റീസർവ്വെ നമ്പർ 57/4-ൽ ഉൾപ്പെട്ട ഭൂമിക്ക് സൂചന (3) പരിപത്രം പ്രകാരം 2010-ലെ ന്യായവില വിജ്ഞാപനം വന്നപ്പോൾ ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വിലനിർണ്ണയവുമായി പരിഗണിച്ച് "പഞ്ചായത്ത് റോഡിലേക്ക് പ്രവേശനമുള്ളതും വാസസ്ഥലമുള്ളതുമായ ഭൂമി" എന്ന വർഗ്ഗീകരണത്തിൽപ്പെടുത്തി ആർ ഒന്നിന് വർദ്ധനവ് ഇല്ലാതെ ₹ 15,000 (പതിനഞ്ചായിരം) ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ന്യായവില നിലവിൽ വന്നതിനുശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫോറം 'എ'

[ചട്ടം 4 നോക്കുക]

## വിജ്ഞാപനം

നമ്പർ RDOMDY/1204/2025-M. 2026 ജൂലൈ 8.

1995-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായവില നിജപ്പെടുത്തൽ) ചട്ടങ്ങളിലെ 4-ാം ചട്ടം കൂട്ടിച്ചേർത്തുവായിച്ച പ്രകാരമുള്ള 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 28എ വകുപ്പ് പ്രകാരം ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തുന്നത് യുക്തമായിരിക്കയാൽ,

ഇപ്പോൾ, അതിനാൽ, ഓരോ ക്രമനമ്പറിനും എതിരെ പറഞ്ഞിട്ടുള്ളതും അതിന് എതിരെ പരാമർശിച്ചിട്ടുള്ള താലൂക്കിലേയും വില്ലേജിലേയും സർവ്വെ/റീ സർവ്വെ നമ്പറുകളിൽ സ്ഥിതി ചെയ്യുന്ന ഭൂമിക്ക് നിർണ്ണയിച്ചിട്ടുള്ള ന്യായവില അതിന്റെ 11-ാം കോളത്തിൽ അതിനുനേർക്കു കാണിച്ചിട്ടുള്ള പ്രകാരം ആയിരിക്കുമെന്ന് ഇതിനാൽ പൊതുജനങ്ങളെ അറിയിക്കുന്നു.

പട്ടിക

ജില്ല—വയനാട്.

താലൂക്ക്—മാനന്തവാടി. വില്ലേജ്—പൊരുന്നന്നൂർ.

| ക്രമ നമ്പർ | സർവ്വേ നമ്പർ | സബ് ഡിവിഷൻ നമ്പർ | റീസർവ്വേബ്ലോക്ക് | റീ സർവ്വേ നമ്പർ | റീ സർവ്വേ സബ് ഡിവിഷൻ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര് | വാർഡിന്റെ പേരും നമ്പരും | ഉപയോഗത്തിന് അനുസരിച്ചുള്ള വർഗ്ഗീകരണം | ന്യായവില (രൂപ/ആർ) |
|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) |
| 1 | 57 | 1A2 | 49 | 57 | 4 | പഞ്ചായത്ത് | വെള്ളമുണ്ട | കെല്ലൂർ 09 | റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പഞ്ചായത്ത് റോഡ് ആക്സസ് | ₹ 15,000 |

റവന്യൂ ഡിവിഷണൽ ഓഫീസ്, (ഒപ്പ്)
മാനന്തവാടി. സബ് കളക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.18 05:32:29 +05:30